# കാർഷികകാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ala-46/2025** *മകയിരം ഞാറ്റുവേല* **തീയതി: 10.06.2025 ഇടവം 27**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (05/06/25- 09/06/25) | കാലാവസ്ഥ പ്രവചനം (06/06/25 - 10/06/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 33.4 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 24.3 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 76 -നും 95 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 5 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ 40 മില്ലി മീറ്റർ മഴ ലഭിച്ചു. | കോട്ടയം ജില്ലയിൽ അടുത്ത മൂന്നു ദിവസം നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. തുടർന്നുള്ള രണ്ടു ദിവസം സാമാന്യം ശക്തമായ മഴ പ്രതീക്ഷിക്കുന്നു. 3 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുണ്ട്. പരമാവധി താപനില 33⁰C യും കുറഞ്ഞ താപനില 23⁰Cയും ആയിരിക്കും. അന്തരീക്ഷ ആർദ്രത 75% നും 90% നും ഇടയിൽ. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. ആകാശം പൂർണ്ണമായി മേഘാവൃതമായിരിക്കും |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | പ്രളയ ബാധിത പ്രദേശങ്ങളിൽ മണ്ണിന്റെ അമ്ലത കുറക്കാൻ ഒരു സെന്റിന് ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| **തെങ്ങ്** | വളർച്ചാ ഘട്ടം | ചെമ്പൻ ചെല്ലിയെ നിയന്ത്രിക്കാൻ പുളിപ്പിച്ച കള്ളോ പൈനാപ്പിളോ കൊണ്ട് തെങ്ങും തടിയിൽ കെണി ഉണ്ടാക്കുക. ഇപ്രകാരം കെണിയിൽ വീഴുന്ന ചെല്ലിയെ കൊല്ലാൻ ഏതെങ്കിലും കീടനാശിനി ഉപയോഗിക്കാവുന്നതാണ്. |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയുടെ സിഗെട്ടോക്ക ഇലകരിച്ചിൽ നിയന്ത്രിക്കാൻ കരിഞ്ഞുണങ്ങിയ ഇലകൾ മുറിച്ചുമാറ്റി പ്രൊപ്പിക്കോനാസോൾ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കുക. |
| കിഴങ്ങ് വർഗ്ഗ വിളകൾ | നടീൽ | ചേമ്പ് നടാൻ പറ്റിയ സമയമാണ്. ശ്രീ രശ്മി, ശ്രീ പല്ലവി, ശ്രീകിരൺ എന്നീ ഇനങ്ങൾ നടാൻ തിരഞ്ഞെടുക്കാം. 35 ഗ്രാം തൂക്കം വരുന്ന പിള്ള ചേമ്പുകൾ വേണം നടാൻ ഉപയോഗിക്കാൻ. വരമ്പുകളിൽ നടുമ്പോൾ 2 ചേമ്പുകൾ തമ്മിൽ 45 സെന്റിമീറ്റർ അകലം വേണം.കാലിവളം ഹെക്റ്ററിനു 12 കിലോഗ്രാം എന്ന തോതിൽ അടിവളമായി നൽകണം. |
| **പടവലം** | വളർച്ചാ ഘട്ടം | നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ ഇലചുരുട്ടി പുഴുവിന്റെയും പച്ചത്തുള്ളന്റെയും ആക്രമണത്തിന്സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാൻ 3 ഗ്രാം തയാമെത്തോക്സാം 10 ലിറ്റർ വെള്ളത്തിൽ തളിക്കുക. |